# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി വഴി നിയമനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ.5476 24.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം<br>ശ്രീമതി.സി.കെ.ആശ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കുമോ; | എ) | മറുപടി നൽകിയിട്ടുള്ളതാണ് |
| ബി) | 2011-ൽ പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി വഴി നിയമനം നടത്തിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; | ബി) | മറുപടി നൽകിയിട്ടുള്ളതാണ്. |
| സി) | നിലവിൽ സി.എ.തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ; | സി) | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിൽ പൊതുഭരണ വകുപ്പിന്റെ 04.09.1980-ലെ സ.ഉ (പി) 407/1980/പൊ.ഭ.വ നമ്പർ ഉത്തരവിൻ പ്രകാരം തസ്തികമാറ്റം/ നേരിട്ടുള്ള നിയമനം എന്നിവയുടെ അനുപാതം 50:50 ആയാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇത്തരത്തിൽ മുൻകാലങ്ങളിൽ നടന്ന നിയമനങ്ങളിൽ 50:50 അനുപാതം എത്തിക്കുന്നതിനു വേണ്ടിയാണ് ഉണ്ടാകുന്ന ഒഴിവുകളിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത്. നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ തസ്തികമാറ്റം വഴി 37 പേർ മാത്രമാണ് |

| | | | |
|---|---|---|---|
| | | | നിയമിതരായിട്ടുള്ളത്. 63 പേരെ നേരിട്ടുള്ള നിയമനപ്രകാരം നിയമിച്ചിട്ടുള്ളതാണ്. |
| ഡി) | 1988 മുതൽ മുൻകാല പ്രാബല്യത്തോടെ ടൈപ്പിസ്റ്റുമാരെ സി.എ ആയി തസ്തികമാറ്റം നടത്താൻ സർക്കാർ ഉത്തരവോ നിർദേശമോ നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ഡി) | ഇല്ല |
| ഇ) | പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ, സി.എ തസ്തികയിലേക്ക് മറ്റ് മാർഗ്ഗങ്ങൾ മുഖേന നിയമനം നടത്തുന്നത് ചട്ടവിരുദ്ധമല്ലേ; എങ്കിൽ ആയത് തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ഇ) | നിലവിലെ ചട്ടപ്രകാരമുള്ള 50% തസ്തികകളിൽ മാത്രമേ തസ്തികമാറ്റം വഴി നിയമനം നടത്തുന്നുള്ളൂ. |
| എഫ്) | നേരിട്ടുള്ള നിയമനം, ടൈപ്പിസ്റ്റ് തസ്തികമാറ്റം എന്നതിലെ 1:1 എന്ന അനുപാതത്തിൽ, എംപ്ലോയ്-മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ നേരിട്ടുള്ള നിയമനത്തിൽ ഉൾപ്പെടുത്തിയോണോ അനുപാതം പാലിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ? | എഫ്) | അതെ. തസ്തികമാറ്റം അല്ലാതെയുള്ള എല്ലാ നിയമനങ്ങളും നേരിട്ടുള്ള നിയമനങ്ങളായാണ് പരിഗണിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**